ഉത്തരം

(എ) കല്ലട ജലസേചന പദ്ധതിയുടെ കീഴിൽ പണി തീർന്ന എല്ലാ കനാലുകളിൽ കൂടിയും, ആവശ്യാനുസരണം ജലവിതരണം നടത്തുന്നുണ്ട്. പമ്പാ ജലസേചന പദ്ധതിയുടെ കനാലുകളിൽ കൂടി, മൂഴിയാർ ജലവൈദ്യുത പദ്ധതിയിൽ നിന്നും മണിയാർ ബാരേജിലേക്ക് വൈദ്യുതി വകുപ്പ് വിട്ടുതരുന്ന ജലലഭ്യതയ്ക്ക് അനുസരിച്ച് ജലവിതരണം നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 2005 ഫെബ്രുവരി മാസത്തിലെ ചില ദിവസങ്ങളിൽ മൂഴിയാർ പവർ ഹൗസിന്റെ പ്രവർത്തനം നിർത്തിവച്ചതിനാൽ, മണിയാർ ബാരേജിൽ ജലവിതരണത്തിന് ആവശ്യമായ ജലം ലഭിക്കാതിരുന്ന സാഹചര്യത്തിൽ കനാലുകളിൽക്കൂടി ജലവിതരണം നടത്തുവാൻ സാധിച്ചിരുന്നില്ല.

മണിയാർ ബാരേജിൽ വൈദ്യുതി ബോർഡ് വിട്ടുതരുന്ന ജലലഭ്യതയ്ക്കനുസരിച്ച് ജലവിതരണം നടത്തിവരുന്നു.

(ഡി) കല്ലട ജലസേചന പദ്ധതിയുടെ പണി തീർന്ന എല്ലാ കനാലുകളിലും അവയുടെ കൈവഴികളിലും ജലവിതരണം ആവശ്യാനുസരണം നടത്തി വരുന്നുണ്ട്. പമ്പാ ഇറിഗേഷൻ പദ്ധതിയുടെ ചില കൈവഴികൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി അറ്റകുറ്റപണികൾ നടത്തി പ്രവർത്തനക്ഷമമാക്കിക്കൊണ്ടിരിക്കുകയാണ്.

ഭൂഗർഭ ജല നിരപ്പ്

51 [2520] ശ്രീ. കെ. ബാബു :
,, കെ. മോഹൻകുമാർ :
,, വർക്കല കഹാർ :
,, ഇ. എം. അഗസ്തി :
,, പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനലിന്റെ ആരംഭത്തിൽ തന്നെ കുടിവെള്ളം ലഭിക്കാതെയും ഭൂമിയുടെ നനവ് മാറിയും വരുന്ന സാഹചര്യത്തെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) മഴമാറിയ ഉടനെ സംസ്ഥാനത്ത് വരൾച്ചയുടെ പ്രതീതി ഉണ്ടാകുവാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) വയലുകൾ നികത്തുന്നതുമൂലം വെള്ളം കെട്ടിക്കിടന്ന് അതു ഭൂമിയിലേക്ക് ആഴ്ന്നിറങ്ങാനുള്ള സൗകര്യം ഒഴിവാകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നദികളിൽ നിന്നുള്ള മണ്ണ് നീക്കൽ, പാറപൊട്ടിക്കൽ എന്നിവ 'വാട്ടർ ടേബിൾ' താഴുവാനിടയാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വേനലിന്റെ ആരംഭത്തിൽ തന്നെ ഭൂമിയിൽ ഉണ്ടാകുന്ന മാറ്റത്തെക്കുറിച്ച് പഠനം നടത്തിയിട്ടില്ല.

(ബി) ഇതിനെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടില്ല. എന്നാൽ അമിതമായ ഭൂജലചൂഷണം ഇതിനുകാരണമാക്കുന്നതായി ഭൂജലവകുപ്പിന്റെ പഠനങ്ങളിൽ തെളിയുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) നദികളിൽ നിന്നുള്ള മണ്ണ് നീക്കൽ അടുത്തപ്രദേശത്തെ ഭൂജല ലഭ്യത കുറയാൻ കാരണമാകുന്നു.

കനോലി തോട് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

52 [2521] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിലെ കനോലി തോടിന് എത്ര കി. മീ. ദൂരമുണ്ട് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തോട് വാഹനഗതാഗതയോഗ്യമാക്കുന്നതിന് എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭാഗത്ത് കനാലിന് എത്ര അടി ആഴവും വീതിയും ഉണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഏറ്റവും കുറഞ്ഞ ആഴവും വീതിയും ഏറ്റവും കൂടിയ ആഴവും വീതിയും എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത കനാൽ എന്നത്തേക്ക് തോണികൾക്കും ബോട്ടുകൾക്കും ചരക്ക് കയറ്റിക്കൊണ്ടുപോകുവാൻ യോഗ്യമാകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 11.20 കിലോമീറ്റർ.

(ബി) ആകെയുള്ള 11.20 കി. മീറ്ററിൽ 7.19 കി. മീറ്റർ ഭാഗം പുനരുദ്ധാരണം ചെയ്തിട്ടുണ്ട്. ഇതിനായി 739.61 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) പുനരുദ്ധാണത്തിന് ശേഷം തോടിന് ശരാശരി 10 മീറ്റർ വീതിയും 1.50 മീറ്റർ ആഴവും ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly